(8 pages) **Reg. No. : ..............................**

**Code No. : 30502** **Sub. Code : C 1 MY 21**

U.G. (CBCS) DEGREE EXAMINATION,
APRIL 2023.

Second Semester

Part I — Malayalam

Paper II — GADYASAHITHYAM – PROSE LITERATURE

(For those who joined in July 2021 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. വാസനാവികൃതി എന്ന ആദ്യകാലകഥ ആരുടേത്?

(a) എം.ആർ.കെ.സി.

(b) മൂർക്കോത്ത് കുമാരൻ

(c) ഈ.വി. കൃഷ്ണപിള്ള

(d) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

2. വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതി ഏത്?

(a) മരപ്പാവകൾ

(b) ബാല്യകാലസഖി

(c) മൂന്നാമതൊരാൾ

(d) തിരുത്ത്

3. ആദ്യകാല നോവലുകളിലൊന്നായ ശാരദയുടെ രചയിതാവ്

(a) അപ്പു നെടുങ്ങാടി

(b) ചന്തുമേനോൻ

(c) പോത്തേരി കുഞ്ഞമ്പു

(d) ചെറുവലത്ത് ചാത്തു നായർ

4. ഒ.വി. വിജയന്റെ നോവൽ

(a) പാത്തുമ്മയുടെ ആട്

(b) യന്ത്രം

(c) ഗുരുസാഗരം

(d) രണ്ടാമൂഴം



5. കണ്ണീരും കിനാവും എന്ന പ്രശസ്തമായ ആത്മകഥ ആരുടേതാണ്?

(a) സി. കേശവൻ

(b) വി.ടി. ഭട്ടതിരിപ്പാട്

(c) ജോസഫ് മുണ്ടശ്ശേരി

(d) സുകുമാർ അഴീക്കോട്

6. പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥയുടെ പേര്

(a) ആരോടും പരിഭവമില്ലാതെ

(b) എന്റെ ജീവിതയാത്ര

(c) കവിയുടെ കാല്പാടുകൾ

(d) കൊഴിഞ്ഞ ഇലകൾ

7. ബാലിദ്വീപ് എന്ന കൃതി ഏതു വിഭാഗത്തിൽ പ്പെടുന്നു?

(a) നിരൂപണം

(b) സഞ്ചാരസാഹിത്യം

(c) ജീവചരിത്രം

(d) നോവൽ



8. പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ യാത്രാ വിവരണഗ്രന്ഥം ഏത്?

(a) കാശിയാത്രാ റിപ്പോർട്ട്

(b) വർത്തമാനപ്പുസ്തകം

(c) രാമേശ്വരയാത്ര

(d) ഊർസ്ലോം യാത്രാവിവരണം

9. ഫാസിസത്തിന്റെ മനഃശാസ്ത്രം എന്ന കൃതിയുടെ രചയിതാവ്

(a) എം.എൻ. വിജയൻ

(b) സുകുമാർ അഴീക്കോട്

(c) കെ.പി. അപ്പൻ

(d) എം.പി. ശങ്കുണ്ണി നായർ

10. കൈരളിയുടെ കഥ - രചയിതാവാര്?

(a) സുകുമാർ അഴീക്കോട്

(b) എ. ശ്രീധരമേനോൻ

(c) വി. രാജകൃഷ്ണൻ

(d) എൻ. കൃഷ്ണപിള്ള



[P.T.O.]

PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.

11. (a) ഉതുപ്പാന്റെ കിണർ - കഥാസാരം വിവരിക്കുക.

അല്ലെങ്കിൽ

(b) കൃഷ്ണഗാഥ എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

12. (a) മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ ഇന്ദുലേഖയാണ് എന്നു പറയാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) നാരായണിയും ബഷീറും തമ്മിൽ പരിചയപ്പെട്ടതെങ്ങനെ?

13. (a) യാത്രയിലെ അനുഭവങ്ങളും കാഴ്ചകളും വിശകലനങ്ങളും സഞ്ചാരകൃതികളെ ഇതര സാഹിത്യരൂപങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു - വിലയിരുത്തുക.

അല്ലെങ്കിൽ

(b) ഹൈമവതഭൂവിൽ എന്ന കൃതിയിലെ ആറാമത്തെ അധ്യായം - ചുരുക്കിയെഴുതുക.



14. (a) സ്മരണ എന്ന വിഭാഗത്തിൽ വരുന്ന കൃതികളുടെ സവിശേഷതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) ഗുരുസ്മരണ മികച്ച ഒരു കൃതിയാണ് - വിവരിക്കുക.

15. (a) മാധ്യമങ്ങളുടെ പൊതുസ്വഭാവത്തെക്കുറിച്ച് എം.എൻ. വിജയന്റെ നിലപാട് വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ഉപന്യാസരചനയുടെ പ്രത്യേകതകൾ എന്തെല്ലാം? വിവരിക്കുക.

PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.

16. (a) ആത്മകഥയും ജീവചരിത്രവും സ്മരണയും - സാജാത്യ-വൈജാത്യങ്ങൾ വിശദീകരിക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ ആത്മകഥാസാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക.



17. (a) സഞ്ചാരസാഹിത്യകൃതികൾക്ക് സമകാലിക ലോകത്ത് പ്രാധാന്യം കൂടിയിരിക്കുന്നു - നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) എം.പി. വീരേന്ദ്രകുമാറിന്റെ ഹൈമവതഭൂവിൽ എന്ന കൃതിയെ വ്യത്യസ്തമാക്കുന്ന കാര്യങ്ങൾ വിവരിക്കുക.

18. (a) മലയാളത്തിലെ ഉപന്യാസസാഹിത്യത്തിൽ എം.എൻ. വിജയനുള്ള സ്ഥാനമെന്ത്?

അല്ലെങ്കിൽ

(b) മനസ്സും മാധ്യമങ്ങളും എന്ന ലേഖനത്തിനുള്ള പ്രസക്തി വിവരിക്കുക.

19. (a) മനുഷ്യന്റെ വികസനസങ്കല്പം പ്രകൃതിയെ ചൂഷണ ചെയ്യുന്നതാണ് - ഉതുപ്പാന്റെ കിണറിനെ ആസ്പദമാക്കി വിശദമാക്കുക.

അല്ലെങ്കിൽ

(b) സ്ത്രീകളോട് ആദരവ് പ്രകടിപ്പിക്കുന്ന പുരുഷനും ആദരണീയമായ പദവിയിൽ ഇരുന്നുകൊണ്ട് ലൈംഗികോപകരണമായി സ്ത്രീയെ കാണുന്ന പുരുഷനും കൃഷ്ണഗാഥയിലുണ്ട്. - പരിശോധിക്കുക.



20. (a) പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാള നോവൽസാഹിത്യത്തിന്റെ വികാസപരിണാമങ്ങൾ ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ഒരിക്കലും കണ്ടുമുട്ടാത്ത രണ്ടുപേരുടെ അഗാധപ്രണയമാണ് മതിലുകൾ എന്ന കൃതിയെ ആകർഷകമാക്കുന്നത് - ശരിയോ? ഉപന്യസിക്കുക.

———————